LIBRARY ARCHIVES Kerala Legislative Assembly

പറയഞ്ചേരി ഡ്രെയിനേജിന്റെ പണി പൂർത്തീകരിക്കാൻ നടപടി

294 [2351] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മാവൂർ റോഡിൽ പറയഞ്ചേരി ഭാഗത്തുള്ള ഡ്രെയിനേജിന്റെ പണി പൂർത്തീകരിക്കാത്തതുമൂലം മഴക്കാലത്ത് വെള്ളം കെട്ടിനിന്ന് പൊതുജനങ്ങൾക്കുണ്ടാകുന്ന പ്രയാസങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഡ്രെയിനേജിന്റെ പണി പൂർത്തീകരിക്കുന്നതിന് കോടതിയുടെ 'സ്റ്റേ' നിലവിലുണ്ടോ;

(സി) സ്റ്റേ നിലവിലുണ്ടെങ്കിൽ അത് വെക്കേറ്റ് ചെയ്യാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഡി) സ്റ്റേ നിലവിലില്ലെങ്കിൽ പ്രസ്തുത ഡ്രെയിനേജിന്റെ പണി അടിയന്തിരമായി നടത്തി പൊതുജനങ്ങളുടെ പരാതിക്ക് പരിഹാരം കണ്ടെത്താൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി ആന്റ് ഡി) അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത ഭാഗത്തുള്ള ഓടയുടെ നിർമ്മാണം സംബന്ധിച്ച് 15 ലക്ഷം രൂപയ്ക്ക് അടങ്കലുള്ള ഒരു പണി എർപ്പാട് ചെയ്തിട്ടുണ്ട്.

ആലപ്പുഴ-പത്തനംതിട്ട ജില്ലകളെ ബന്ധിപ്പിക്കുന്ന കടത്ത് കടവിൽ ഗവൺമെന്റ് കടത്ത് ഏർപ്പെടുത്തുന്നതിന് നടപടി

295 [2352] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളം നിയോജകമണ്ഡലത്തിലെ ആലപ്പുഴ, പത്തനംതിട്ട ജില്ലകളെ ബന്ധിപ്പിക്കുന്ന കരങ്ങാലിച്ചാൽ പുഞ്ചയിൽ ഏലിയാസ് നഗർ മുതൽ ചേരിക്കൽ രണ്ട്കുറ്റി കടവ് വരെയുള്ള ഏകദേശം മുക്കാൽ കിലോമീറ്റർ വരുന്ന കടത്ത് കടവിൽ ഗവൺമെന്റ് കടത്ത് ഏർപ്പെടുത്തുന്നത് സംബന്ധിച്ച് നിലവിലുള്ള അപേക്ഷകളിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) യാത്രക്കാർക്ക് ആശ്വാസമേകുന്ന ഏലിയാസ് നഗർ–ചേരിക്കൽ രണ്ട്കുറ്റി ഗവൺമെന്റ് കടത്ത് എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; പ്രസ്തുത കടത്ത് ആരംഭിക്കുന്നതിനുള്ള തടസ്സങ്ങളുടെ കാരണം വ്യക്തമാക്കുമോ?